# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1739 05.02.2019 -ലെ മറുപടിയ്ക്ക്

**കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ ഫുട്ബാൾ ഗവേഷണ പരിശീലന കേന്ദ്രം**

*ചോദ്യം*

ശ്രീ. അബ്ദുൽ ഹമീദ് പി.

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹകരണത്തോട് കൂടി ഒരു ലോകോത്തര ഫുട്ബാൾ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ 21/7/2018 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചിരുന്നുവോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഫുട്ബാൾ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയും ഉന്നതവിദ്യാഭ്യാസ വകുപ്പും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | (സി) | 13.04.2018 തീയതിയിൽ യൂണിവേഴ്സിറ്റി ക്യാമ്പസിൽ സായ് അധികൃതരുമായി നടത്തിയ യോഗത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫുട്ബാൾ പഠന – ഗവേഷണ – പരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള ഒരു പുതിയ പ്രൊപ്പോസലും ധാരണാപത്രവും കേരള സർക്കാർ മുഖാന്തിരം സായ് സമർപ്പിക്കണമെന്ന് തീരുമാനിച്ചു. എന്നാൽ പുതിയ പ്രൊപ്പോസലും ധാരണാ പത്രവും സായ് യിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ